# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

01

www.industry.kerala.gov.in

15 SEPTEMBER 2021





## വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന എല്ലാവരെയും സംരംഭകരാക്കി മാറ്റും – മന്ത്രി പി.രാജീവ്

കോഴിക്കോട് : വ്യവസായം തുടങ്ങാനായി വ്യവസായ കേന്ദ്രത്തിലെത്തുന്ന എല്ലാവരെയും സംരംഭകരാക്കി മാറ്റുമെന്ന് ബഹു. നിയമ, വ്യവസായ, കയർ വകുപ്പു മന്ത്രി പി. രാജീവ്. വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും അവർക്ക് പരിഹാരം കാണുന്നതിനും വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ച 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏതു സംരംഭകർക്കും നിയമാനുസൃതം സംരംഭം നടത്തുന്നതിന് സംസ്ഥാന സർക്കാർ പൂർണ്ണ പിന്തുണ നൽകുമെന്ന് അദ്ദേഹം പറഞ്ഞു. വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട് കാലഹരണപ്പെട്ട ചട്ടങ്ങളും നിയമങ്ങളും ഭേദഗതി ചെയ്യുന്നതിന് മൂന്നംഗ സമിതിയെ നിയോഗിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംരംഭകർക്ക് നിർദ്ദേശങ്ങൾ സമിതിയെ അറിയിക്കാം.

കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ചെറുകിട വ്യവസായങ്ങൾ ഇരട്ടിയിലധികമായി ഉയർന്നത് കേരളം കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറിയതിന്റെ തെളിവാണെന്നും അദ്ദേഹം പറഞ്ഞു. കെ സ്വിഫ്റ്റ് സംവിധാനം വ്യാപിപ്പിക്കുന്നതിനോടൊപ്പം റിന്യൂവൽ വ്യവസ്ഥകൾ പുനഃപരിശോധിക്കുമെന്നും പരമാവധി വ്യവസായികളുമായി ചർച്ച ചെയ്ത് കേരളത്തിന് അനുയോജ്യമായ കൂടുതൽ പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

സൂക്ഷ്മ ചെറുകിട പദ്ധതികൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് അവർ സ്ഥാപിച്ച ഉപകരണങ്ങളുടെ 30 ശതമാനം സബ്സിഡിയായി നൽകുന്ന ഇനത്തിൽ ജില്ലയിൽ 63 ലക്ഷം രൂപ വിതരണം ചെയ്തു. ഫാറൂഖിലെ പാക്ക് വെൽ പേപ്പർ ബാഗ്സിന് 8,34,000രൂപ, ഡിജിറ്റൽ ഇമേജിന് 7,20,860രൂപ , മക്കട വേദ ആയുർവേദിക്കിന് 10,63,736 രൂപ, കാലിക്കറ്റ് കോകോ പ്രൊഡക്ട്സിന് 13,25,493 രൂപ, ചാലപ്പുറം ഡി.ഡബ്ലിയു ക്ലോത്തിങ് 1,77,451 രൂപ, കുറ്റ്യാടി മുദ്ര കോക്കനട്ട് ഓയിൽ & ഫ്ളോറിന് 3,79,509 രൂപ, വെസ്റ്റ് ഹിൽ സി.ആർ.എസ് ട്രേഡിങ്ങിന് 16,54,173 രൂപ വീതമാണ് വിതരണം ചെയ്തത്. ജില്ലാ തലത്തിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം ജില്ലകളിൽ നടത്തിയതിനു ശേഷമാണ് കോഴിക്കോട് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ മീറ്റ് ദി മിനിസ്റ്റർ പ്രോഗ്രാം നടന്നത്. വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം .മുഹമ്മദ് ഹനീഷ്, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എംഡി എം.ജി.രാജമാണിക്യം, ജില്ലാ കലക്ടർ ഡോ.എൻ.തേജ് ലോഹിത് റെഡ്ഡി, കിൻഫ്ര എം.ഡി. സന്തോഷ് കോശി തോമസ്, ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ പി.എ.നജീബ്, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




## മുഖക്കുറിപ്പ്



ശ്രീ .എസ് . ഹരികിഷോർ ഐ. എ. എസ് .
ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

കോവിഡ് വൈറസ് സൃഷ്ടിച്ച പ്രതിസന്ധി മൂലം ആഗോള സമ്പദ് വ്യവസ്ഥയ്ക്കൊപ്പം കേരള സമ്പദ് വ്യവസ്ഥയും വലിയ തോതിലുള്ള തിരിച്ചടിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. വ്യാപാര ഇടപാടുകളും ഗതാഗത സൗകര്യങ്ങളും ടൂറിസവുമെല്ലാം നിശ്ചലമായതോടുകൂടി ലോകം മുഴുവൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ആഗോള തലത്തിൽ വ്യവസായ വാണിജ്യ മേഖലയാകെ സ്തംഭനാവസ്ഥയിലാണ്. 1930 ലെ മഹാമാന്ദ്യത്തിന് ശേഷമുള്ള ഏറ്റവും വലിയ സാമ്പത്തിക മാന്ദ്യം എന്നാണ് ഐ.എം.എഫും ലോക ബാങ്കും ഇപ്പോഴുള്ള പ്രതിസന്ധിയെ വിലയിരുത്തുന്നത്. ലോകത്തെ മുഴുവൻ പ്രതിസന്ധിയിലാക്കിയ കോവിഡ്, സംസ്ഥാനത്തെ സുക്ഷ്മ–ചെറുകിട–ഇടത്തരം വ്യവസായങ്ങളുടെ നടുവൊടിച്ചുവെന്ന് അക്ഷരാർത്ഥത്തിൽ പറയാം.

കൊറോണ വൈറസ് ബാധ ലോകം മുഴുവൻ ബാധിക്കുകയും ആഗോള വ്യാപാര സാമ്പത്തിക പ്രക്രിയകളെ സാരമായി ബാധിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങളുടെ നടത്തിപ്പ് പ്രതിന്ധിയിലാണ്. ഇത്തരം പ്രതിസന്ധി ഘട്ടത്തിൽ ചെറുകിട വ്യവസായങ്ങളെ താങ്ങിനിർത്തേണ്ടത് വ്യവസായികളുടെ മാത്രം ആവശ്യമല്ല. അതിന് സർക്കാർ വ്യവസായികൾക്കൊപ്പമുണ്ട്. ഇത്തരം പ്രതിസന്ധികൾ മറികടന്ന് വ്യവസായ രംഗത്തെ പരിപോഷിപ്പിക്കാൻ നിരവധി പദ്ധതികൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ യൂണിറ്റുകളെ എത്രയും വേഗം സാധാരണ നിലയിൽ എത്തിക്കാൻ വേണ്ട ശ്രമങ്ങളുടെ ഭാഗമായി, 'കോവിഡ് 19 സമാശ്വാസ പദ്ധതി' എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജിന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ വ്യവസായികൾ വേണ്ട രീതിയിൽ ഉപയോഗിച്ചാൽ പൂർവ്വാധികം ശക്തിയോടുകൂടി മുന്നോട്ടു വരാൻ കഴിയും. സർക്കാരിൻെയും വ്യവസായ വകുപ്പിന്റെയും ഏകമനസോടെയുള്ള പ്രവർത്തനം ഏത് പ്രതിസന്ധിയെയും അനായാസം തരണം ചെയ്ത് മുന്നേറാൻ വ്യവസായികൾക്ക് പ്രചോദനം നൽകും.

# സർക്കാർ ഒപ്പമുണ്ട്

കോവിഡ് മൂലം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പ്രത്യേക സഹായ പദ്ധതിയാണ് വ്യവസായ ഭദ്രത. ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുള്ളതും ഉത്പാദന മേഖലയിലെയും സേവന മേഖലയിലെയും സംരംഭകർക്കും 2020 ജനുവരി ഒന്നിനും മാർച്ച് 15 നും ഇടയിൽ പ്രവർത്തിച്ചിട്ടുള്ളതുമായ എം.എസ്.എം.ഇ യൂണിറ്റുകൾക്കാണ് പദ്ധതിയുടെ ധനസഹായം ലഭിക്കുക. പരമാവധി ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ വരെയാണ് സാമ്പത്തിക സഹായം ലഭിക്കുന്നത്. 1-4-2020 മുതൽ 31-12-2021 വരെ ലഭിക്കുന്ന ലോണുകൾക്ക് അപേക്ഷിക്കാവുന്നതാണ്.
ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം ഇ.സി.എൽ.ജി.എസ് (എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരന്റീ സ്കീം ) പദ്ധതി പ്രകാരം വായ്പ ലഭിച്ചിട്ടുള്ള ഉത്പാദന/സർവ്വീസ് മേഖലയിലെ എം.എസ്.എം.ഇ യൂണിറ്റുകൾക്കും ഈ പലിശ സബ്സിഡിയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് www.industry.kerala.gov.in സന്ദർശിക്കുക.




# ഓണത്തെ വരവേറ്റ് കൈത്തറി വിപണനമേള



തിരുവനന്തപുരം : ഓണത്തിന് കൈത്തറി വിപണനമേളയെ ചേർത്തു പിടിച്ച് തലസ്ഥാന നഗരി. പുത്തരിക്കണ്ടം മൈതാനത്ത് ആഗസ്റ്റ് 12ന് സംഘടിപ്പിച്ച മേള ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റും കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റും തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായാണ് മേള സംഘടിപ്പിച്ചത്. ചടങ്ങിൽ ബഹു. ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ജി.രാജീവ്, ജില്ലാ കൈത്തറി വികസന സമിതി അംഗം എം.എം. ബഷീർ, ഹാൻവീവ് മാനേജിങ് ഡയറക്ടർ കെ. സുധീർ, ഹാന്റക്സ് മാനേജിങ് ഡയറക്ടർ കെ.എസ്. അനിൽ കുമാർ, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ എ.എസ്. ഷിറാസ് തുടങ്ങിയവർ പങ്കെടുത്തു. ആഗസ്റ്റ് 20ന് മേള സമാപിച്ചു.






Printed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.